**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3614** **08-10-2025 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭവന നിർമ്മാണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-2021, 2021-2025 കാലഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | **കല്ല്യാശ്ശേരി മണ്ഡലത്തിൽ യഥാക്രമം 2016-2021, 2021-2025 കാലഘട്ടങ്ങളിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**1. ഇ.ഡബ്ല്യൂ.എസ്/ എൽ.ഐ.ജി. ഭവന പദ്ധതി- പട്ടുവം, കണ്ണൂർ (2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതി)**<br><br>**കണ്ണൂർ ജില്ലയിലെ പട്ടുവത്ത്, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട സ്ഥലത്ത്, ഭൂ-ഭവനരഹിതരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക്, 2 കിടക്കകളുള്ള 36 യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിട്ടുള്ളതാണ്. അടുക്കള, കുളിമുറി എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങളുടെ സംസ്കരണത്തിനായി ശുചിത്വ മിഷൻ, പഞ്ചായത്ത് എന്നിവയുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**2. ആശ്വാസ് വാടക വീട് പദ്ധതി- കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് പരിയാരം (2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതി)**<br><br>**കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസിക്കാവുന്ന വിധത്തിൽ, മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, 106 പേർക്ക് താമസ സൗകര്യമൊരുക്കുന്ന മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ